# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 11, തിങ്കൾ

**നമ്പർ 131**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2018 മാർച്ച് 7-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1612-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തു വച്ചു.

അടിയന്തരപ്രമേയം :

തൊഴിലാളി സമരത്തെത്തുടർന്ന് കോലഞ്ചേരി കടയിരിപ്പ് സിന്തൈറ്റ് കമ്പനി അടച്ചിട്ടിരിക്കുന്നതിനാലും കമ്പനിയുടെ പ്രവർത്തനത്തിന് പോലീസ് സംരക്ഷണം നല്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാത്തതായി പറയപ്പെടുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

KNPP. 1369/2018 (i).

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിനും സിനിമാ മേഖലയിൽ നടക്കുന്ന നികുതി വെട്ടിപ്പ് അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ. ബി. ഗണേഷ് കുമാർ ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കാവുന്ന കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ നയം തിരുത്തുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. മോൻസ് ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കാലവർഷക്കെടുതി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ഭൂമി ഒരു വില്ലേജിലും റവന്യൂ രേഖകൾ മറ്റൊരു വില്ലേജിലും ഉൾപ്പെട്ടിരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. എസ്. ശിവകുമാർ | വേളി മുതൽ പൂന്തുറ വരെ തീരദേശമേഖലയിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. വിൻസെന്റ് | കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ഡോ. എൻ. ജയരാജ് | മണിമല മേജർ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. പുരുഷൻ കടലുണ്ടി | കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജനറൽ ആശുപത്രിയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. ജോർജ് എം. തോമസ് | താമരശ്ശേരി ചുരം ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീമതി സി. കെ. ആശ | വെള്ളൂർ എച്ച്. എൻ. എൽ. സ്വകാര്യവത്കരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം:

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം:

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(2) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(3) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താല്കാലിക ബദൽ ക്രമീകരണം) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട്.

(4) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

(5) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

(6) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

(7) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

<u>റിപ്പോർട്ട് പരിഗണന</u> :

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

"2018 ഏപ്രിൽ മൂന്നാം തീയതി സഭയിൽ സമർപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019)യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ "ടെലഗ്രാമിന് പകരം അംഗങ്ങൾക്ക് അറിയിപ്പ് എസ്.എം.എസ്. ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനായി ചട്ടം 3-ന് നിർദ്ദേശിച്ചിരുന്ന ഭേദഗതിയിൽ സമൂഹമാധ്യമങ്ങളിലൂടെയും ഇപ്രകാരം അറിയിപ്പ് നൽകുന്നതിനുതകുമാറ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന (i)-ാം നമ്പർ ശിപാർശ ഒഴിവാക്കുകയും മറ്റ് ശിപാർശകൾ പുനരക്കം ചെയ്യുകയും ചെയ്യണം."

<u>നിയമനിർമ്മാണകാര്യം</u>:

I. വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2018-ലെ എ. പി. ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണ പ്രമേയം ശ്രീ. പാറക്കൽ അബ്ദുല്ല

ചുമതലപ്പെടുത്തിയ പ്രകാരം പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. സണ്ണി ജോസഫ് നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു 2018-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. റ്റി. വി. രാജേഷും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ടി. എ. അഹമ്മദ് കബീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. എൻ. എ. ഖാദറും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം, ഓർഡിനൻസ് നിരാകരണ പ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം അംഗീകരിക്കുകയും ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

II. തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ 2018-ലെ അബ്കാരി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന ബില്ലിനോടൊപ്പം മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2018-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണ പ്രമേയം ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. ഉബൈദുള്ള നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സി. കൃഷ്ണനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. വി. പി. സജീന്ദ്രനും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടിക്കും ശേഷം, ഓർഡിനൻസ് നിരാകരണ പ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം സഭ അംഗീകരിക്കുകയും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

III. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണ പ്രമേയം ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. റോജി എം. ജോൺ നിരാകരണ പ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീറും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ഡി. പ്രസേനനും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ മറുപടിക്കുംശേഷം, ഓർഡിനൻസ് നിരാകരണ പ്രമേയവും അവതരിപ്പിച്ചിരുന്ന ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2018 ജൂൺ 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.44-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Eleventh Session

# BULLETIN—PART I

(Brief Record of Proceedings )

*Monday, June 11, 2018*

**No. 131**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Three questions in the list of questions posted for the day were answered orally.

*Correction of answer to Unstarred Question:*

Statement correcting answer and the corrected answer to Unstarred Question No. 1612 dated 7th March 2018 of the Tenth session of the Fourteenth Kerala Legislative Assembly was laid on the table by the Chief Minister Shri Pinarayi Vijayan.

*Adjournment Motion :*

After hearing the Minister for Industries, Sports and Youth Affairs the Speaker withheld consent to the moving of an adjournment motion given notice of by Shri V. P. Sajeendran and two other Members regarding the serious situation reported to have arisen consequent on the lock-out of Synthite Company in Kadayirippu, Kolenchery due to labour Strike and the reported inactiveness in enforcing the High Court order to give police protection for the functioning of the company.

*Calling Attention :*

(1) Shri K. B. Ganesh Kumar called the attention of the Minister for Finance and Coir to the necessity to take steps, to solve the shortage in tax revenue of the State and to end tax evasion in film sector, consequent to implementation of GST. The Minister made a statement thereto.

KNPP.1369/2018 (ii).

(2) Shri Mons Joseph called the attention of the Chief Minister to the necessity to exert pressure to take measures to correct the policy of Central Ministry of Commerce, which would adversely affect rubber cultivators in the State. The Chief Minister made a statement thereto.

*Matters raised under Rule 304* :

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | കാലവർഷക്കെടുതി | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ഡി. കെ. മുരളി | ഭൂമി ഒരു വില്ലേജിലും റവന്യൂ രേഖകൾ മറ്റൊരു വില്ലേജിലും ഉൾപ്പെട്ടിരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. എസ്. ശിവകുമാർ | വേളി മുതൽ പൂന്തുറവരെ തീരദേശ മേഖലയിൽ സ്വീവറേജ് സംവിധാനം ഏർപ്പെടുത്തുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. വിൻസെന്റ് | കോവളം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ഡോ. എൻ. ജയരാജ് | മണിമല മേജർ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. പുരുഷൻ കടലുണ്ടി | കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 7 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജനറൽ ആശുപത്രിയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. ജോർജ് എം. തോമസ് | താമരശ്ശേരി ചുരം ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീമതി സി. കെ. ആശ | വെള്ളൂർ എച്ച്. എൻ. എൽ. സ്വകാര്യവത്കരണം | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പ്രദീപ്കുമാർ | കോഴിക്കോട് വെള്ളയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Financial Business* :

Dr. T. M. Thomas Isaac, Minister for Finance and Coir laid on the Table the Supplementary Financial Statement in the Budget for the Financial Year 2018-19.

*Presentation of Reports* :

The following Reports were presented:

(1) The Report of the Subject Committee VI on the Sree Sankaracharya University of Sanskrit(Amendment) Bill, 2018.

(2) The Report of the Subject Committee VI on the Kerala University (Amendment) Bill, 2018.

(3) The Report of the Subject Committee VI on the Kerala University (Alternate Arrangement Temporarily of Senate and Syndicate) Bill, 2018.

(4) The Report of the Subject Committee IX on the Kerala Panchayat Raj( Amendment) Bill, 2018.

(5) The Report of the Subject Committee IX on the Kerala Municipality (Amendment) Bill, 2018.

(6) The Report of the Subject Committee IX on the Kerala Panchayat Raj (Second Amendment) Bill, 2018.

(7) The Report of the Subject Committee IX on the Kerala Municipality (Second Amendment) Bill, 2018.

*Consideration of reports* :

The House considered and adopted the Second Report of the Rules Committee with the following amendment.

"2018 ഏപ്രിൽ മൂന്നാം തീയതി സഭയിൽ സമർപ്പിച്ച ചട്ടങ്ങൾ സംബന്ധിച്ച സമിതി (2016-2019) യുടെ രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 2-ലെ "ടെലഗ്രാമിന് പകരം അംഗങ്ങൾക്ക് അറിയിപ്പ് എസ്. എം. എസ്. ആയോ മറ്റ് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയോ നൽകുന്നതിനായി ചട്ടം 3-ന് നിർദ്ദേശിച്ചിരുന്ന ഭേദഗതിയിൽ സമൂഹമാധ്യമങ്ങളിലൂടെയും ഇപ്രകാരം അറിയിപ്പ് നൽകുന്നതിനുതകുമാറ് ചട്ടത്തിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന (i)-ാം നമ്പർ ശിപാർശ ഒഴിവാക്കുകയും മറ്റ് ശിപാർശകൾ പുനരക്കം ചെയ്യുകയും ചെയ്യണം"

*Legislative Business:*

I. Prof. C. Raveendranath, Minister for Education introduced The A. P. J. Abdul Kalam Technological University (Amendment) Bill, 2018 and laid on the table statement under rule 75 (1). The Minister also moved that the Bill be referred to Subject Committee VI.

Prof. Abid Hussain Thangal as authorised by Shri Parakkal Abdulla moved a motion to disapprove the A. P. J. Abdul Kalam Technological University (Amendment) Ordinance, 2018 and spoke. Shri Sunny Joseph seconded the motion and spoke. Shri T. V. Rajesh moved an amendment to circulate the Bill for eliciting public opinion and Shri K. N. A. Khader as authorised by Shri T. A. Ahmmed Kabeer moved another amendment for referring the Bill to a Select Committee.

After discussion and reply by the Minister, the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was referred to Subject Committee VI-Education.

II. Shri T. P. Ramakrishnan, Minister for Labour and Excise introduced The Abkari (Amendment) Bill, 2018 and laid on the table the statement under rule 75 (1). The Minister also moved that the Bill be referred to Subject Committee VII.

Shri V. T. Balram moved a motion to disapprove the Abkari (Amendment) Ordinance, 2018 and spoke. Shri P. Ubaidulla seconded the motion and spoke. Shri C. Krishnan moved an amendment to circulate the Bill for eliciting public opinion and Shri V. P. Sajeendran moved another amendment for referring the Bill to a Select Committee.

After discussion and reply by the Minister, the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was referred to Subject Committee VII-Electricity, Labour and Labour Welfare.

III. Shri A. K. Balan, Minister for the Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs introduced the Kerala High Court (Amendment) Bill, 2018 and laid on the table the statement under rule 75 (1) The Minister also moved that the Bill be referred to Subject Committee XIV.

Shri N. Samsudheen as authorised by Shri P. K. Basheer moved a motion to disapprove the Kerala High Court (Amendment) Ordinance, 2018 and spoke. Shri Roji M. John seconded the motion and spoke. Shri A. N. Shamseer moved an amendment to circulate the Bill for eliciting public opinion and Shri K. D. Prasenan moved another amendment for referring the Bill to a Select Committee.

After discussion and reply by the Minister, the ordinance disapproval motion and the amendments moved were withdrawn by the leave of the House. Then the motion was adopted and the Bill was referred to Subject Committee XIV-Home Affairs.

The House adjourned at 4.44 p.m. to meet again at 8.30 a.m. on Tuesday, June 12, 2018.

V. K. BABU PRAKASH,
*Secretary.*